പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 243 — 12.03.2018 ൽ മറുപടിയ്ക്ക്

<u>ഹയർ സെക്കണ്ടറി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം.കെ.മുനീർ<br>ശ്രീ.കെ.എം.ഷാജി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ പല ഹയർ സെക്കൻഡറി സ്കൂളുകളിലും ഹയർ സെക്കൻഡറി വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | പ്രാഥമിക സൗകര്യങ്ങൾ പോലും ലഭ്യമല്ലാത്ത ഹയർ സെക്കൻഡറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) & (സി)<br>പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ശ്രദ്ധ ചെലുത്തി വരുന്നുണ്ട്.<br>സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2016-17 വർഷങ്ങളിൽ 38 സ്കൂളുകളിലും, 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 26 സ്കൂളുകളിലും 2017-18 വർഷത്തെ നബാർഡിന്റെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി 2 സ്കൂളുകളിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>ഇതു കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>**1.** ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 229 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിന് നല്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>**2.** ഹൈടെക്ക് സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം 4775 സ്കൂളുകളുടെ 45000 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കി മാറ്റുവാൻ 493.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>**3.** നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങൾക്കായി (സയൻസ് ലാബ്, കംപ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്, ടോയ്‌ലറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>**4.** ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിനു സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാലു സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.<br>1) ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ<br>2) എ.ജി.എച്ച്.എസ്.എസ് കോടോത്ത്, കാസർഗോഡ്<br>3) ജി.എച്ച്.എസ്.എസ് കോട്ടായി, പാലക്കാട്<br>4) ഗവ. ബോയ്സ് എച്ച്.എസ്.എസ് ഹരിപ്പാട്, ആലപ്പുഴ |
| (സി) | സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ